"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ഡോ. കുമാർ എസ്.പി., കണ്ണൂർ എസ്.എൻ. കോളേജിൽ നാല് മണിക്കൂർ ജോലിഭാരത്തോടെ പ്രിൻസിപ്പലായി ജോലി നോക്കിയിരുന്ന കാലയളവ് പ്രത്യേക കേസായി പരിഗണിച്ച് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.442/2024/HEDN തീയതി,തിരുവനന്തപുരം, 19-07-2024

---

പരാമർശം:- 1. 09.05.2018-ലെ G.O.(MS) No.93/2018/HEDN

2. 01.11.2023-ലെ ശ്രീ നാരായണ കോളേജുകളുടെ മാനേജരുടെ 2/എസ്എൻറ്റി/1140 നമ്പർ കത്ത്

3. 07.12.2023-ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഡി4/30589/2023/കോ.വി.വ നമ്പർ കത്ത്

4. 22.02.2024-ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഡി4/805/2024/കോ.വി.വ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ചേളന്നൂർ എസ്.എൻ ഗുരു കോളേജിൽ പ്രിൻസിപ്പൽ ആയി ജോലി ചെയ്തിരുന്ന ഡോ. കുമാർ എസ്.പി.-യെ മാനേജർ കണ്ണൂർ എസ്.എൻ. കോളേജിലേക്ക് **07.07.2023**-ൽ സ്ഥലം മാറ്റുകയും, ടിയാൻ **10.07.2023**-ൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുകയും ചെയ്തു. എന്നാൽ എക്കണോമിക്സ് വിഭാഗം അദ്ധ്യാപകനായ ടിയാന് കണ്ണൂർ എസ്.എൻ. കോളേജിൽ പ്രിൻസിപ്പലായി ജോലി ചെയ്യുന്നതിന് വേണ്ട 5 മണിക്കൂർ ജോലിഭാരം എക്കണോമിക്സ് വിഷയത്തിൽ ഉണ്ടായിരുന്നില്ല. പ്രിൻസിപ്പലിന് 4 മണിക്കൂർ മാത്രം ജോലിഭാരം ഉണ്ടായിരുന്നതിനാൽ കോഴിക്കോട് ഉപ ഡയറക്ടർ ടിയാന്റെ നിയമനത്തിന് അംഗീകാരം നൽകിയില്ല. തുടർന്ന് **12.09.2023**-ൽ ടിയാനെ കണ്ണൂർ കോളേജിൽ നിന്ന് തിരികെ ചേളന്നൂർ ശ്രീ നാരായണ ഗുരു കോളേജിലേക്ക് തന്നെ സ്ഥലം മാറ്റുകയും, **13.09.2023**-ൽ ചേളന്നൂർ കോളേജിൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുകയും ചെയ്തു.

2. എന്നാൽ കണ്ണൂർ എസ്.എൻ. കോളേജിലെ **10.07.2023** മുതൽ **12.09.2023** വരെയുള്ള കാലയളവ് റെഗുലറൈസ് ചെയ്യാത്തതിനാൽ ചേളന്നൂർ കോളേജിൽ തിരികെ ജോയിൻ ചെയ്തതിന് ശേഷവും ടിയാന് ശമ്പളം ലഭിക്കുകയുണ്ടായില്ല. നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഡോ. കുമാർ എസ്.പി. ജോലി നോക്കിയ മേൽ കാലയളവ് സാധൂകരിക്കണമെന്ന പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരാമർശം (3) പ്രകാരം കോളേജ്

വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. പരാമർശം (1) ഉത്തരവ് പ്രകാരം പ്രിൻസിപ്പലിന് 5 മണിക്കൂർ ജോലിഭാരം ഉണ്ടാകേണ്ടതാണ്. എന്നാൽ കാലിക്കറ്റ് സർവ്വകലാശാലാ ഫസ്റ്റ് ഓഡിനൻസ് പ്രകാരം പ്രിൻസിപ്പലിന്റെ ജോലിഭാരം 3 മണിക്കൂറിൽ കുറയാനും 5 മണിക്കൂറിൽ കൂടാനും പാടില്ല. കണ്ണൂർ സർവ്വകലാശാലാ ഫസ്റ്റ് ഓഡിനൻസ് പ്രകാരം ഇത് 3-5 മണിക്കൂറാണ്.

4. സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. ഡോ. കുമാർ എസ്.പി., കണ്ണൂർ എസ്.എൻ. കോളേജിൽ നാല് മണിക്കൂർ ജോലിഭാരത്തോടെ പ്രിൻസിപ്പലായി ജോലി നോക്കിയിരുന്ന **10.07.2023** മുതൽ **12.09.2023** വരെയുള്ള കാലയളവ് പ്രത്യേക കേസായി പരിഗണിച്ച് ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിനി .ജെ .ഷുക്കൂർ

അഡിഷണൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

രജിസ്ട്രാർ, കാലിക്കറ്റ് / കണ്ണൂർ യൂണിവേഴ്സിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

മാനേജർ, ശ്രീ നാരായണ കോളേജ്, കൊല്ലം

പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ 2280 പ്രകാരം തീയതി - 17.07.2024)

ധനകാര്യവകുപ്പ് (19.01.2024-ലെ 2644507/Edn-സി4/390/2023/ധന പ്രകാരം)

ഐ & പി ആർ ഡി ( വെബ് & ന്യൂ മീഡിയ) (ക്യാബിനറ്റ് കുറിപ്പ് സഹിതം)

www.highereducation.kerala.gov.in

കരുതൽ പകർപ്പ് (D2/400/2023/HEdn)

ഉത്തരവിൻ പ്രകാരം

Signed by

Rahmathunnisa Chenatukuzhiyan

സെക്ഷൻ ഓഫീസർ

Date: 19-07-2024 17:03:30

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-07-2024

ഫയൽ നം. ഡി2/400/2023/ഉ.വി.വ. ഇനം നം: 2280

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - ഡോ.കുമാർ എസ്.പി., കണ്ണൂർ എസ്.എൻ. കോളേജിൽ നാല് മണിക്കൂർ ജോലിഭാരത്തോടെ പ്രിൻസിപ്പലായി ജോലി നോക്കിയിരുന്ന കാലയളവിനെ പ്രത്യേക കേസായി പരിഗണിച്ച് സാധൂകരണം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

18/7
AS(D)

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡി2/400/2023/ഉ.വി.വ. |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ് |
| 3. | വിഷയം | : | ഡോ.കുമാർ എസ്.പി., കണ്ണൂർ എസ്.എൻ. കോളേജിൽ നാല് മണിക്കൂർ ജോലിഭാരത്തോടെ പ്രിൻസിപ്പലായി ജോലി നോക്കിയിരുന്ന കാലയളവിനെ പ്രത്യേക കേസായി പരിഗണിച്ച് സാധൂകരണം നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17.03.2024 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി സിനി ജെ. ഷുക്കൂർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ഇഷിത റോയ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.07.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.07.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് മന്ത്രി അംഗീകരിച്ച തീയതി | : | 10.07.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.07.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഡോ. കുമാർ എസ്.പി., കണ്ണൂർ എസ്.എൻ. കോളേജിൽ നാല് മണിക്കൂർ ജോലിഭാരത്തോടെ 10.07.2023 മുതൽ 12.09.2023 വരെ പ്രിൻസിപ്പലായി ജോലി നോക്കിയിരുന്ന കാലയളവ് ക്രമീകരിക്കുന്നതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. ചേളന്നൂർ എസ്.എൻ ഗുരു കോളേജിൽ പ്രിൻസിപ്പൽ ആയി ജോലി ചെയ്തിരുന്ന ഡോ. കുമാർ എസ്.പി.-യെ മാനേജർ കണ്ണൂർ എസ്.എൻ. കോളേജിലേക്ക് 07.07.2023-ൽ സ്ഥലം മാറ്റുകയും, ടിയാൻ 10.07.2023-ൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുകയും ചെയ്തു. എക്കണോമിക്സ് വിഭാഗം അദ്ധ്യാപകനായ ടിയാന് കണ്ണൂർ എസ്.എൻ. കോളേജിൽ പ്രിൻസിപ്പലായി ജോലി ചെയ്യുന്നതിന് വേണ്ട 5 മണിക്കൂർ ജോലിഭാരം എക്കണോമിക്സ് വിഷയത്തിൽ ഉണ്ടായിരുന്നില്ല. കണ്ണൂർ കോളേജിൽ എക്കണോമിക്സ് വിഭാഗത്തിൽ 84 മണിക്കൂർ ജോലിഭാരവും, 5 സ്ഥിരാധ്യാപകരും ഉണ്ട്.

3. പ്രിൻസിപ്പലിന് 4 മണിക്കൂർ മാത്രം ജോലിഭാരം ഉണ്ടായിരുന്നതിനാൽ കോഴിക്കോട് ഉപ ഡയറക്ടർ ടിയാന്റെ നിയമനത്തിന് അംഗീകാരം നൽകിയില്ല. തുടർന്ന് 12.09.2023-ൽ ടിയാനെ കണ്ണൂർ കോളേജിൽ നിന്ന് തിരികെ ചേളന്നൂർ ശ്രീ നാരായണ ഗുരു കോളേജിലേക്ക് തന്നെ സ്ഥലം മാറ്റുകയും, 13.09.2023 ൽ ചേളന്നൂർ കോളേജിൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുകയും ചെയ്തു.

4. എന്നാൽ കണ്ണൂർ എസ്.എൻ. കോളേജിലെ 10.07.2023 മുതൽ 12.09.2023 വരെയുള്ള കാലയളവ് റെഗുലറൈസ് ചെയ്യാത്തതിനാൽ ചേളന്നൂർ കോളേജിൽ തിരികെ ജോയിൻ ചെയ്തതിന് ശേഷവും ടിയാന് ശമ്പളം ലഭിക്കുകയുണ്ടായില്ല. നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഡോ. കുമാർ എസ്.പി. ജോലി നോക്കിയ മേൽ കാലയളവ് സാധൂകരിക്കുവാൻ സാധിക്കാത്തതിനാൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി.

5. ടി വിഷയത്തിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ, ടി വകുപ്പ് ഇപ്രകാരം അറിയിച്ചു.

*"നിലവിൽ ചേളന്നൂർ എസ്.എൻ. ഗുരു കോളേജിൽ പ്രിൻസിപ്പൽ ആയി ജോലി ചെയ്യുന്ന ഡോ.കുമാർ എസ്.പി. 5 മണിക്കൂർ ജോലി ഭാരമില്ലാതെ കണ്ണൂർ കോളേജിൽ പ്രിൻസിപ്പൽ ആയി പ്രവർത്തിച്ച 10.07.2023 മുതൽ 12.09.2023 വരെയുള്ള കാലയളവ് റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച വിഷയം കേരള സർവ്വീസ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ട ഒന്നല്ല എന്നും, വിഷയം സംബന്ധിച്ച് ബാധകമായ ചട്ടങ്ങളുടേയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ഭരണ വകുപ്പിന് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും അറിയിച്ച് കൊണ്ട് ഫയൽ മടക്കി നൽകുന്നു."*

6. 09.05.2018-ലെ G.O.(MS) No.93/2018/HEDN ഉത്തരവ് പ്രകാരം പ്രിൻസിപ്പലിന് 5 മണിക്കൂർ ജോലിഭാരം ഉണ്ടാകേണ്ടതാണ്. എന്നാൽ കാലിക്കറ്റ് സർവ്വകലാശാലാ ഫസ്റ്റ് ഓഡിനൻസ് പ്രകാരം പ്രിൻസിപ്പലിന്റെ ജോലിഭാരം 3 മണിക്കൂറിൽ കുറയാനും 5 മണിക്കൂറിൽ കൂടാനും പാടില്ല. കണ്ണൂർ സർവ്വകലാശാലാ ഫസ്റ്റ് ഓഡിനൻസ് പ്രകാരം ഇത് 3-5 മണിക്കൂറാണ്. ഈ സാഹചര്യത്തിൽ 10.07.2023 മുതൽ 12.09.2023 വരെ സ്ഥലം മാറ്റം മുഖേന 4 മണിക്കൂർ ജോലിഭാരമുള്ള പ്രിൻസിപ്പൽ തസ്തികയിൽ ഡോ. കുമാർ എസ്.പി. ജോലിചെയ്ത കാലം ഒരു പ്രത്യേക കേസായി പരിഗണിച്ച് ക്രമീകരിച്ച് നൽകാമോ എന്നതിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ബഹു. മുഖ്യമന്ത്രി ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

ഡോ. കുമാർ എസ്.പി., കണ്ണൂർ എസ്.എൻ. കോളേജിൽ നാല് മണിക്കൂർ ജോലിഭാരത്തോടെ പ്രിൻസിപ്പലായി ജോലി നോക്കിയിരുന്ന 10.07.2023 മുതൽ 12.09.2023 വരെയുള്ള കാലയളവ് പ്രത്യേക കേസായി പരിഗണിച്ച് ക്രമീകരിച്ച് നൽകാമോ?